(ഡി&ഇ) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോക വ്യാപകമായി നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

തിരൂർ നിയോജകമണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

118(387) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രംവഴി പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം 32 യൂണിറ്റുകൾക്ക് 72,64,953 രൂപയും ഇ.എസ്.എസ്. സബ്സിഡിയായി 12 യൂണിറ്റുകൾക്ക് 27,80,000 രൂപയും ഉജ്ജീവന വായ്പ സബ്സിഡി ഇനത്തിൽ 9 യൂണിറ്റുകൾക്ക് 14,30,000 രൂപയും ഇന്റേൺസ്ഷിപ്പ് സബ്-വെൻഷൻ ഫോർ നാനോ ഹൗസ് ഹോൾഡ് പദ്ധതിക്ക് 1 യൂണിറ്റിന് 24,540 രൂപയും വ്യവസായ ഭദ്രത ഇന്റേൺസ്ഷിപ്പ് സബ്-വെൻഷൻ പദ്ധതിയിനത്തിൽ 3 യൂണിറ്റുകൾക്ക് 16348 രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 12 സംരംഭകത്വ ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന് കീഴിൽ തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ വ്യവസായ മേഖലയിലെ നിരവധി സാധ്യതകൾ പരിഗണിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(ബി&സി) സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം നടത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള എല്ലാ സ്കീമുകളും നടപ്പിലാക്കി വരുന്നുണ്ട്.

പുതിയ വ്യവസായങ്ങൾ

119(388) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ കഴിഞ്ഞ സർക്കാരിന് സംസ്ഥാനത്ത് പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly